പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2682 28-10-2026-ൽ മറുപടിയ്ക്ക്

ജൽജീവൻ മിഷൻ പ്രവൃത്തികളിലെ കുഴികൾ റീസ്റ്റോർ ചെയ്യൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീമതി കെ. കെ. രമ	ശ്രീ. മോൻസ് ജോസഫ് (ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജൽജീവൻ മിഷൻ പ്രവൃത്തികൾക്കായി എടുത്ത കുഴികൾ റീസ്റ്റോർ ചെയ്യാതെ ഉപേക്ഷിച്ചു പോയ സ്ഥലങ്ങളിൽ മഴയും മണ്ണൊലിപ്പും കാരണം വലിയ ഗർത്തങ്ങൾ രൂപപ്പെട്ടതും വശങ്ങൾ ഇടിഞ്ഞു വീണ് കുഴികൾ വീതികൂടി റോഡുകൾ യാത്രായോഗ്യമല്ലാതായതുമായ സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്.

ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി റോഡുകളിൽ എടുത്ത കുഴികൾ യഥാസമയം പൂർണ്ണമായി പുനഃസ്ഥാപിക്കാൻ കഴിയാത്ത ചില സ്ഥലങ്ങളിൽ, മഴയും മണ്ണൊലിപ്പും കാരണം വശങ്ങൾ ഇടിഞ്ഞ് കുഴികൾക്ക് വീതി വർദ്ധിച്ചതും അതുവഴി ഗതാഗത തടസ്സങ്ങൾ നേരിട്ടതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

പൈപ്പ് ലൈൻ സ്ഥാപിക്കുന്ന മുറയ്ക്ക് കുഴികൾ സുരക്ഷിതമായി മൂടി റോഡുകൾ താൽക്കാലികമായി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ കർശനമായി സ്വീകരിച്ചുവരുന്നു. യാത്രാദുരിതം നേരിടുന്ന സ്ഥലങ്ങളിൽ റോഡുകൾ അടിയന്തരമായി സഞ്ചാരയോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

മറുപടി: ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും റോഡുകൾ കുഴിക്കേണ്ടി വന്നിട്ടുണ്ട്.

KWA കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കുഴിച്ചിട്ട റോഡുകളുടെ പുനസ്ഥാപനപ്രവർത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചു വരുന്നു.

ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിലൂടെ PWD ക്ക് പുനസ്ഥാപന തുക അടച്ച് റോഡ് കുഴിക്കുവാൻ അനുമതി ലഭ്യമായ സ്ഥലങ്ങളിൽ പുനസ്ഥാപന പ്രവർത്തികൾ വേഗത്തിലാക്കുവാനും തടസ്സങ്ങൾ നീക്കുവാനുമായി വിവിധ തലങ്ങളിൽ മീറ്റിങ്ങുകൾ നടത്തി വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തി കൊണ്ട് കേരള വാട്ടർ അതോറിറ്റിയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ആഭ്യന്തര വികസന ഗ്രാന്റ്, മെയിന്റനൻസ് ഗ്രാൻ്റ്, അല്ലെങ്കിൽ CFC ഗ്രാന്റ് മുൻകൂറായി വിനിയോഗിച്ച് അടിയന്തര റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുവാൻ അനുമതി നൽകി തദ്ദേശ സ്വയം ഭരണ വകുപ്പും സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രവൃത്തിയുടെ കരാറുകാരൻ കരാർ ഒഴിഞ്ഞിരിക്കുന്ന സാഹചര്യത്തിലും കരാർ നൽകുമ്പോഴുള്ള അളവുകളിലുള്ള അസംസ്കൃത വസ്തുക്കൾ കൊണ്ട് നികത്താൻ കഴിയാത്ത അളവിൽ കുഴികളുടെ വലിപ്പം കൂടിയ സാഹചര്യത്തിലും നിർമ്മാണ വസ്തുക്കളുടെ നിരക്കുകളിലുണ്ടായ വലിയ വിലവർദ്ധനയുടെ സാഹചര്യത്തിലും കുഴികൾ അടയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി: നിലവിൽ ജലജീവൻ മിഷനു കീഴിൽ ഭരണാനുമതി ലഭ്യമായ അളവിലും തുകയിലും മാത്രമേ റോഡ് റീസ്റ്റോറേഷൻ പ്രവർത്തികൾ ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ.കരാറുകാരൻ പ്രവൃത്തി ഉപേക്ഷിക്കുന്നതോ കരാർ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തുന്നതോ ആയ സാഹചര്യങ്ങളിൽ കരാർ വ്യവസ്ഥകൾക്കും നിലവിലുള്ള ചട്ടങ്ങൾക്കും അനുസൃതമായി തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

(ഡി) റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിലേക്കായി പ്രസ്തുത കുഴികൾ റീസ്റ്റോർ ചെയ്യുന്നതിനായി വർദ്ധിപ്പിച്ച നിരക്കുകളിലുള്ള തുക ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: നിലവിൽ ജൽ ജീവൻ മിഷനു കീഴിൽ ഭരണാനുമതി ലഭ്യമായ അളവിലും തുകയിലും മാത്രമേ റോഡ് റീസ്റ്റോറേഷൻ പ്രവർത്തികൾ ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ.വർദ്ധിപ്പിച്ച നിരക്കുകളിലുള്ള തുക ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ